# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

25.07.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :8397

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ സ്കോളർഷിപ്പ്

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം പിന്നോക്ക വിഭാഗങ്ങളിലെ എത്ര വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയത് ; വിശദാംശം നൽകാമോ ?

(ബി) പ്രസ്തുത കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ എന്ത് തുകയാണ് ചെലവഴിച്ചത് ; വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ)യും (ബി)യും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) നിലവിൽ; സ്കോളർഷിപ്പ് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ 2004-2005 സാമ്പത്തിക വർഷത്തിൽ 13 (പതിമൂന്ന്) കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. 2004-2005 സാമ്പത്തിക വർഷം സ്കോളർഷിപ്പ് അനുവദിച്ചിരുന്ന ഒരു വിദ്യാർത്ഥിക്ക് മൂന്നും നാലും ഗഡുക്കളായി നൽകേണ്ടിയിരുന്ന തുക കഴിഞ്ഞ സാമ്പത്തിക വർഷമാണ് നൽകിയിട്ടുള്ളത്. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2011-2012) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം പിന്നാക്ക സമുദായ വികസന വകുപ്പ് മുഖേന 5,15,297 വിദ്യാർത്ഥികൾക്ക് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ഇതിനുവേണ്ടി 48,59,24,600 രൂപ (നാൽപ്പത്തിയെട്ട് കോടി അൻപത്തി ഒമ്പതുലക്ഷത്തി ഇരുപത്തി നാലായിരത്തി അറുനൂറ് രൂപ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ